## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: T 5552** **01.07.2019-ൽ മറുപടിക്ക്**

### ഇക്കോ ടൂറിസം മേഖലയുടെ വികസനം

ചോദ്യം

ശ്രീ. കെ. ആൻസലൻ
പ്രൊഫ. കെ. യു. അരുണൻ
ശ്രീ. എ. എൻ. ഷംസീർ
,, എൻ. വിജയൻ പിള്ള:

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പരിസ്ഥിതി വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പരിസ്ഥിതിക്കു കോട്ടം തട്ടാതെയും വനം - പരിസ്ഥിതി നിയമങ്ങൾക്കു വിധേയമായുമുള്ള അടിസ്ഥാന സൗകര്യ വികസനമാണ് സംസ്ഥാനത്തെ വിവിധ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ നടപ്പാക്കി വരുന്നത്.<br>നടപ്പ് സാമ്പത്തിക വർഷം ഈ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ ഇവയാണ്:<br>1. സൈലന്റ് വാലി, റോഡോവാലി, മൂന്നാർ മീശപ്പുലിമല ഭാഗങ്ങളിലെ ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ.<br>2. തേക്കടിയിൽ സന്ദർശകർക്കുള്ള സൗകര്യങ്ങളുടെ വികസനവും കഫെറ്റീരിയ കം എന്റർടെയ്ൻമെന്റ് സെന്റർ നിർമാണവും.<br>3. തെന്മല ഒറ്റക്കല്ലിലെ മാൻ പുനഃരധിവാസ കേന്ദ്രം നവീകരണം.<br>4. ഇരവികുളം ദേശീയോദ്യാനത്തിൽ വിനോദ സഞ്ചാരികൾക്കുള്ള സൗകര്യങ്ങളുടെ ആധുനികവൽക്കരണം.<br>5. തെന്മലയിലെ ആംഫി തിയറ്റർ നവീകരണം.<br>6. സൈലന്റ് വാലി ദേശീയോദ്യാനത്തിൽ നേച്ചർ അപ്രീസിയേഷൻ, ഇന്റർപ്രെട്ടീവ് ഇക്കോ ടൂറിസം പരിപാടികൾ.<br>7. മുട്ടറ മരുതിമലയിലെ സൗകര്യങ്ങളുടെ വികസനം.<br>8. സംസ്ഥാനത്തെ തിരഞ്ഞെടുത്ത ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ സന്ദർശക വാഹക ശേഷി പഠനം.<br>9. ചെറുചക്കിച്ചോല ഇക്കോ ടൂറിസം പദ്ധതി.<br>10. നെല്ലിയാമ്പതിയിലെ ഇക്കോ ടൂറിസം പദ്ധതി വികസനം. |
| ബി) | സന്ദർശകർ ധാരാളമായി എത്തിച്ചേരുന്ന ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | പുതിയ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ വികസിക്കുന്നതിനൊപ്പം നിലവിലുള്ളവയുടെ വിപുലീകരണത്തിനും ടൂറിസം സാധ്യത വർധിപ്പിക്കുന്നതിനും തുല്യപ്രാധാന്യമാണു നൽകി വരുന്നത്. പ്രമുഖ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകർക്കു താമസസൗകര്യം, ശൗചാലയം, കുടിവെള്ളം, ഇൻഫർമേഷൻ സെന്റർ തുടങ്ങിയ സൗകര്യങ്ങളും ഏർപ്പെടുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | വനമേഖലയെ ആശ്രയിച്ചുകഴിയുന്ന ജനവിഭാഗങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്താൻ ഈ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | വനാശ്രിത സമൂഹങ്ങളുടെ പങ്കാളിത്തമുള്ള വന സംരക്ഷണ സമിതിയും ഇക്കോ ഡവലപ്മെന്റ് കമ്മിറ്റിയും മുഖേനയാണ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കി വരുന്നത്. ഇത്തരം കേന്ദ്രങ്ങളിലെ ഗൈഡ്, സംരക്ഷണം, മൂല്യവർധിത വന ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവ ഇത്തരം കമ്മിറ്റികളിലെ അംഗങ്ങളുടെ ഉപജീവന മാർഗമാണ്. ഇതിനു വേണ്ട പരിശീലനങ്ങളും മാർഗ നിർദേശങ്ങളും വിനോദ സഞ്ചാര/വനം വകുപ്പുകൾ ലഭ്യമാക്കുന്നുണ്ട്. |
| ഡി) | ഇക്കോ ടൂറിസം ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിനും അവയ്ക്ക് കൂടുതൽ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | വിനോദ സഞ്ചാര വെബ്സൈറ്റിലെ ഇക്കോ ടൂറിസം മൈക്രോ വെബ്സൈറ്റ്, ഇക്കോ ടൂറിസം ബ്രോഷറുകൾ, തെന്മല ഇക്കോ ടൂറിസത്തെക്കുറിച്ചുള്ള വിഡിയോ ബ്രോഷർ, കാഴ്ച പരിമിതർക്കായി ബ്രെയ് ലി ലിപിയിലുള്ള ബ്രോഷർ, ഗൈഡിങ് മൊബൈൽ ആപ്ലിക്കേഷൻ തുടങ്ങിയ വിപണന മാർഗങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ